മനസ്സറിയുക ശരീരവും

ഡോ.(സി.) ഷാലു കോയിക്കര

# പരാജയകാരണങ്ങളും വിജയത്തിലേക്കുള്ള മാർഗവും

- സമ്മർദങ്ങളുടെ മുമ്പിൽ തളർന്നുവീഴുന്ന ഒരു മനസ്സാണ് കൗമാരക്കാരിൽ ഭൂരിപക്ഷത്തിലും കണ്ടുവരുന്നത്. എന്നാൽ യുദ്ധക്കളത്തിലെ പോരാളിയെപ്പോലെ തന്നിലുള്ള എല്ലാ ശക്തിയും സംഭരിച്ച് പ്രതിബന്ധങ്ങളോട് പടപൊരുതുകയാണ് വേണ്ടത്.
- സ്ഥായിയായ ലക്ഷ്യബോധമുള്ളവർക്കു മാത്രമേ ത്യാഗങ്ങൾ ചെയ്യുവാനും കുറവുകൾ സഹിക്കുവാനും വ്യക്തമായ തീരുമാനങ്ങളോടുകൂടി മുന്നോട്ടു നീങ്ങുവാനും കഴിയൂ.
- ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കുമ്പോൾ പരാജയങ്ങൾ ഉണ്ടാകുക സ്വഭാവികമാണെന്നും എന്നാൽ ഈ പരാജയങ്ങൾ ആത്യന്തിക വിജയത്തിന് അനിവാര്യമാണെന്നുമുള്ള യാഥാർത്ഥ്യം മുതിർന്നവർ കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കണം.

എവിടെയും മത്സരബുദ്ധിയോടെ വർത്തിക്കുന്ന ഒരു ചുറ്റുപാടിലാണ് ഇന്ന് കുട്ടികൾ ജീവിക്കുന്നത്. എല്ലാക്കാര്യങ്ങളിലും മിടുക്കനും മിടുക്കിയും ആയിരിക്കാനുള്ള സമ്മർദം അവർക്കുമേൽ ഏറെയുണ്ട്. പഠനത്തിലും പാഠ്യേതരകാര്യങ്ങളിലും അവർ മുൻപന്തിയിലായിരിക്കണമെന്നാണ് മാതാപിതാക്കളുടെ ആഗ്രഹവും ഡിമാന്റും. പുസ്തകപ്പുഴുവായി മാർക്കുവാങ്ങിച്ചതുകൊണ്ടു മാത്രം ഇന്നത്തെ പരിതസ്ഥിതിയിൽ മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് മാതാപിതാക്കൾക്കും കുട്ടികൾക്കുമറിയാം. സാമർത്ഥ്യമുള്ളവൻ പിടിച്ചുനില്ക്കും എന്നുള്ള ഡാർവിന്റെ തത്ത്വം ഇവിടെ അന്വർത്ഥമാവുന്നു.

## വിജയപരാജയങ്ങളെ നിർണയിക്കുന്നത് മനോഭാവം

സമ്മർദങ്ങളുടെ മുൻപിൽ തളർന്നുവീഴുന്ന ഒരു മനസ്സാണ് പലപ്പോഴും കൗമാരക്കാർക്കുള്ളത്. ജീവിതത്തിൽ മുന്നേറാൻ അതൊരിക്കലും സഹായകമാവില്ല. യുദ്ധക്കളത്തിൽ യുദ്ധം ചെയ്യുന്ന ഒരു സൈനികൻ ശത്രുവിന്റെ സന്നാഹത്തെയും പടക്കോപ്പുകളെയും കണ്ട് ഭയന്ന് പിൻമാറിയാൽ പരാജയം ഉറപ്പാണ്. തന്നിലുള്ള എല്ലാ ശക്തിയും സംഭരിച്ച് പടപൊരുതുകയെന്നതാണ് അവനു ചെയ്യാനുള്ളത്.

മറ്റുള്ളവരെല്ലാം തന്നെക്കാൾ കഴിവും ബുദ്ധിയും കൂടിയവരാണ്. അവരുടെ മുൻപിൽ താൻ പരാജയപ്പെടുകയേ ഉള്ളൂ എന്ന മുൻവിധി വച്ചുപുലർത്തിയാൽ ഫലം തോല്വിതന്നെയായിരിക്കും. സാഹചര്യങ്ങളല്ല അവയോടുള്ള മനോഭാവമാണ് ഒരുവനെ വിജയിയോ പരാജിതനോ ആക്കുന്നതെന്ന യാഥാർത്ഥ്യം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത് മുതിർന്നവരുടെ ചുമതലയാണ്.

ഒരുവന്റെ പ്രവൃത്തിയും തീരുമാനങ്ങളും ലക്ഷ്യവുമെല്ലാം ഈ മനോഭാവത്തെ അശ്രയിച്ചാണിരിക്കുന്നത്. തന്നോടും ചുറ്റുപാടുകളോടും ക്രിയാത്മകമായ മനോഭാവമുണ്ടെങ്കിലേ ജീവിതം ആരോഗ്യകരമായി മുന്നോട്ടു നയിക്കാൻ സാധിക്കൂ.

നമ്മുടെ ഓരോ ചിന്തയും പുറപ്പെടുവിക്കുന്നത് ന്യൂറൊപെപ്പ്റ്ററൈഡ്സ് എന്ന രാസവസ്തുക്കളാണ്. ക്രിയാത്മകമായ ചിന്തകൾക്ക് കാരണമാകുന്ന രാസവസ്തുക്കൾ ശരീരത്തെയും മനസ്സിനെയും കൂടുതൽ ബലപ്പെടുത്തും. എന്നാൽ അതിന് നേരേ വിപരീതഫലം ഉളവാക്കുന്ന രാസവസ്തുക്കളുമുണ്ട്. അവ ശരീരത്തിന്റെയും മനസ്സിന്റെയും ഉന്മേഷം കെടുത്തും.

താൻ ബലഹീനനാണെന്നും അതേസമയം ചുറ്റുപാടുകളെ തന്നെ വിഴുങ്ങുവാൻ വരുന്ന ഭീകരജീവിയായും കരുതിയാൽ അതിന്റെ മുൻപിൽ പകച്ചു നില്ക്കുന്ന ഒരനുഭവമാവും ഉണ്ടാകുക. അതിനാൽ നിസ്സഹായതാമനോഭാവംകൊണ്ട് ഒന്നും നേടാനില്ല എന്നു കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം.

## ലക്ഷ്യബോധം എന്ന ആയുധം

നിസ്സഹായാവസ്ഥയിൽ നിന്ന് ഒരുവനെ ഉയർത്തിയെടുക്കാൻ സാധിക്കണമെങ്കിൽ അവനിൽ ആദ്യം ലക്ഷ്യബോധമുണ്ടാക്കണം. പല കൗമാരക്കാർക്കും ഇന്നു ലക്ഷ്യബോധമില്ല എന്നതാണ് വാസ്തവം. എന്തിനു പഠിക്കണം? പഠിച്ചിട്ട് എന്തു ചെയ്യാനാണ്? പല കുമാരീകുമാരന്മാരുടെയും ചോദ്യങ്ങളാണിത്. താത്കാലികമായ ആവശ്യങ്ങൾ നിറവേറി കിട്ടുക, അടിച്ചുപൊളിച്ചു നടക്കുക. അതിൽകവിഞ്ഞ ലക്ഷ്യങ്ങളൊന്നും അധികം പേർക്കുമില്ല. പലരോടും ഭാവിയിൽ എന്തുചെയ്യാനാണ് ആഗ്രഹം എന്നു ചോദിക്കുമ്പോൾ പ്രത്യേകിച്ചൊന്നുമില്ല എന്നാണുത്തരം ലഭിക്കാറ്.



*ഹെലൻ കെല്ലർ*

സ്ഥായിയായ ലക്ഷ്യബോധമുള്ളവർക്കു മാത്രമേ ഉറച്ച തീരുമാനങ്ങളെടുക്കാൻ സാധിക്കൂ. ഉറച്ച തീരുമാനമാണ് ഒരുവനെ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുന്നത്. അന്ധയും ബധിരയുമായിരുന്ന ഹെലൻ കെല്ലറുടെ ജീവിതം ഇതിനു വലിയൊരുദാഹരണമാണ്. തന്റെ പോരായ്മകൾ മനസ്സിലാക്കി അവയെ ആത്മാർത്ഥവും കഠിനവുമായ പരിശ്രമത്താൽ മറികടന്ന അവർ എക്കാലവും ചർച്ചചെയ്യപ്പെടുന്ന നിലയിൽ ചരിത്രത്തിൽ സ്ഥാനം നേടി.

ലക്ഷ്യബോധമാണ് ത്യാഗങ്ങൾ ചെയ്യാൻ, കുറവുകൾ സഹിക്കാൻ, വ്യക്തമായ തീരുമാനങ്ങളോടുകൂടി മുന്നോട്ടു നീങ്ങാൻ ഏവരെയും പ്രാപ്തരാക്കുന്നത്. കുടുംബവും സമൂഹവും ഒരുമിച്ചു പരിശ്രമിച്ചെങ്കിലേ കൗമാരപ്രായക്കാരിൽ ലക്ഷ്യബോധം വളർത്തിയെടുക്കാൻ സാധിക്കൂ.

## ലക്ഷ്യബോധമില്ലായ്മയും കാരണങ്ങളും

ലക്ഷ്യബോധമില്ലായ്മക്ക് പല കാരണങ്ങളുണ്ട്. പൊതുവിൽ ഇത്തരക്കാർക്ക് ഏതാവശ്യവും അപ്പപ്പോൾ സാധിച്ചുകിട്ടുന്ന ഒരവസ്ഥാവിശേഷമാണ് കുടുംബങ്ങളിലുള്ളത്. എന്തു ചെയ്തുകൊടുത്തിട്ടായാലും എത്ര കഷ്ടപ്പെട്ടിട്ടായാലും തങ്ങളുടെ കുട്ടികൾ പഠിക്കണം എന്ന നല്ല ഉദ്ദേശ്യത്തോടെയാണ് മാതാപിതാക്കൾ ഇങ്ങനെ ചെയ്യുന്നത്. എന്നാൽ സ്വയം ഒന്നും ചെയ്തില്ലെങ്കിലും കാര്യങ്ങളൊക്കെ ഭംഗിയായി നടന്നുകിട്ടും. എന്നു തോന്നിയാൽ അതു കുട്ടികളിലെ കർമശേഷിയെയും ഉത്സാഹത്തെയും കെടുത്തുകയും അവർ അലസന്മാരായി മാറുന്നതിന് ഇടവരുത്തുകയും ചെയ്യും.

ബാല്യകാലത്ത് എല്ലാ ആഗ്രഹങ്ങളും സാധിച്ചു കിട്ടിയ ഒരു കുട്ടിക്ക് കൗമാരത്തിലെത്തുമ്പോൾ അതിനു മാറ്റമുണ്ടായാൽ അവനത് ഉൾക്കൊള്ളാൻ കഴിഞ്ഞെന്നുവരില്ല. എല്ലാം സ്വന്തമിഷ്ടമനുസരിച്ച് ഉടനെതന്നെ സാധിച്ചുകിട്ടണമെന്ന ബാല്യകാലസ്വഭാവം ഒന്നുകൂടി അരക്കിട്ട് ഉറപ്പിക്കുകയായിരിക്കും അനുഭവം.

ആഗ്രഹങ്ങൾ കുറെയൊക്കെ സാധിക്കാതെ വരുമ്പോൾ അവന് ഇച്ഛാഭംഗമുണ്ടാകും. അതിനെ നേരിടാൻ പഠിക്കുമ്പോഴാണ് അവനിൽ 'Frustration Tolerance' ഉണ്ടാകുന്നത്. ഇത് എന്തുമാത്രം അധികമായി ഒരുവനിലുണ്ടോ അത്രയും കൂടുതലായി തന്റെ ഇഷ്ടപൂർത്തീകരണങ്ങളെ നീട്ടിവയ്ക്കാൻ അവനു സാധിക്കും. കുറവുകൾ നേരിടുമ്പോഴാണല്ലോ ഒരുവൻ അവയെ എങ്ങനെ മറികടക്കാം എന്നു ചിന്തിക്കുന്നത്.

## കുറുക്കുവഴികളോടുള്ള ആഭിമുഖ്യം

ഇന്നത്തെ സമൂഹത്തിന്റെ ഒരു പ്രത്യേകതയാണ് കുറുക്കുവഴിയിലൂടെ, എന്തും പെട്ടെന്നു നേടിയെടുക്കാൻ ശ്രമിക്കുക എന്നത്. അതിനുള്ള വഴികളും അവർ കണ്ടെത്തും. മുതിർന്നവരും പലപ്പോഴും ഇതുപോലുള്ള തെററായ മാർഗങ്ങൾ അവലംബിക്കുന്നു.

താത്കാലിക ആവശ്യങ്ങളെക്കുറിച്ചും അവയുടെ പൂർത്തീകരണത്തിൽ നിന്നുണ്ടാകുന്ന സന്തോഷത്തെക്കുറിച്ചും മാത്രം ചിന്തിക്കുന്നതുകൊണ്ടാണ് മുതിർന്നവരും യുവജനങ്ങളും ഈ എളുപ്പമാർഗങ്ങൾ അവലംബിക്കാൻ പ്രേരിതരാകുന്നത്. തന്നോടുതന്നെയും മറ്റുള്ളവരോടും സത്യസന്ധതയും വിശ്വസ്തതയും പുലർത്തുക എന്ന ആദർശത്തെ മാതൃകയാക്കാൻ അധികമാരും ഇന്നു ശ്രമിക്കാറില്ല എന്നതാണ് ഇതിന്റെ പ്രധാനകാരണം.

## പരാജയം വിജയത്തിന് അനിവാര്യം

കുട്ടികൾ ഉന്നം വയ്ക്കേണ്ടത് സ്വന്തം നേട്ടങ്ങൾ മാത്രമല്ല, മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനുള്ള മനഃസ്ഥിതിയും സ്വന്തമാക്കേണ്ടതാണ്. ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കുമ്പോൾ ചിലപ്പോൾ പരാജയങ്ങളുണ്ടാകാം.

എന്നാൽ ഈ പരാജയങ്ങൾ വിജയത്തിന് അനിവാര്യമാണ് എന്നവരെ മനസ്സിലാക്കികൊടുക്കണം. മുമ്പു പറഞ്ഞ 'Frustration Tolerance' ഉള്ള വ്യക്തികൾക്കു മാത്രമേ വലിയ കാര്യങ്ങൾ നേടാനാവൂ.



*തോമസ് ആൽവാ എഡിസൺ*

തോമസ് ആൽവാ എഡിസൺ ഏകദേശം രണ്ടായിരത്തി അഞ്ഞൂറിലധികം തവണത്തെ പരീക്ഷണങ്ങൾക്കു ശേഷമാണ് ബൾബിനുള്ളിലെ ഫിലമെന്റ് പ്രകാശിപ്പിച്ചത്. അദ്ദേഹത്തിന്റെ സഹപ്രവർത്തകരൊക്കെയും ഭഗ്നാശരായി മടങ്ങാൻ തുടങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞത് രണ്ടായിരത്തി അഞ്ഞൂറ് കോമ്പിനേഷനുകൾ ഇതിനു പറ്റിയതല്ലെന്ന് മനസ്സിലായി എന്നാണ്. ഉറച്ച തീരുമാനമുള്ള മനസ്സിനു മാത്രമേ ആത്യന്തികവിജയം നേടുന്നതുവരെ പിടിച്ചുനില്ക്കാൻ കഴിയൂ എന്നതിന് തെളിവാണ് എഡിസന്റെ ഈ വാക്കുകൾ.

❖

CYAN MAGENTA YELLOW BLACK

ചുവരെഴുത്തുകൾ

ശ്വേതകേതു

# ലജ്ജിക്കാൻ മറന്നവർക്കു നമസ്കരിക്കാനൊരു പാഠം

“എഴുത്തച്ഛനും പൂന്താനവും നാരായണഗുരുവും ചട്ടമ്പിസ്വാമികളും ക്രിസ്ത്യൻ മിഷണറിമാരും നട്ടും വളമിട്ടും വളർത്തിയ നവോത്ഥാനത്തിന്റെ ഫലമായി മലയാളിയിൽ ഉണ്ടായ ‘മാവേലി നാടുവാണിടും കാല’ത്തോടുള്ള ആഭിമുഖ്യം ആദ്യം ഇടതുപക്ഷവും, പിന്നെ പ്രതിലോമശക്തികളും ഹൈജാക്കു ചെയ്തു. ആരെങ്കിലും വൻ കൈക്കൂലി വാങ്ങി നിയമിക്കുന്ന അധ്യാപകർക്കു ശമ്പളവും പെൻഷനുമൊക്കെ സർക്കാർ നല്കുക എന്ന വിരോധാഭാസം നോക്കുക. ഈ അധ്യാപകരെ ഒന്ന് സ്ഥലം മാറ്റാൻ പോലും സർക്കാരിന് അധികാരമില്ല! കാർഷികപരിഷ്കരണം കാരണം കൃഷിഭൂമി കിട്ടിയത് കർഷകത്തൊഴിലാളിക്കല്ല, പിന്നെയോ കൃഷിക്കാരൻ എന്ന പേരിലുള്ള ഇടനിലക്കാരന്. കുടികിടപ്പായി കിട്ടിയ നാലും അഞ്ചും സെന്റ് സ്ഥലം വിറ്റ് അശരണനായ പാവപ്പെട്ടവൻ ഹ്രസ്വകാല ഉത്സവങ്ങൾ ആഘോഷിച്ച് നഗരവത്ക്കരണ സെപ്റ്റിക് ടാങ്കിലേക്കുള്ള പ്രയാണം ആരംഭിച്ചു.” കഴിഞ്ഞ അമ്പതുകൊല്ലത്തിനിടെ കേരളത്തിൽ എന്തെല്ലാം സംഭവിച്ചു എന്നന്വേഷിക്കുകയാണ് സി. രാധാകൃഷ്ണൻ. (കാല്ക്കീഴിൽ നിന്ന് കേരളഭൂമി വഴുതുന്നു).

സമസ്തമേഖലയിലും നമുക്കു സുപരിചിതമായ അപചയത്തിന്റെ കാനേഷുമാരിയാണ് അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്നതും. സമ്പദ്സമൃദ്ധിയുടെയും സർവൈശ്വര്യത്തിന്റെയും സഞ്ചാരപഥമൊരുക്കാൻ ഇറങ്ങിത്തിരിച്ചവർ സ്വന്തം സുരക്ഷയ്ക്ക് കാലാൾപ്പടയെ രൂപപ്പെടുത്തുകയായിരുന്നു. യാഥാർത്ഥ്യം വൈകിയാണെങ്കിലും അറിഞ്ഞുതുടങ്ങിയിരിക്കുന്നു മലയാളി.

രാഷ്ട്രീയത്തിന്റെ കിന്നരിത്തലപ്പാവ് എന്തിനുമിണങ്ങുമെന്നിരിക്കെ അധികാരഗർവിൽ ഇടതുപക്ഷം ഓരോന്നും കൈപ്പിടിയിലൊതുക്കി താറുമാറാക്കുകയായിരുന്നു. രാഷ്ട്രീയബലം കൊണ്ട് എന്തിനെയും വേട്ടയാടാനും കീഴ്പ്പെടുത്താനുമുള്ള തന്റേടമല്ലേ തൊഴിലാളിയൂണിയനുകളോടും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോടും കാണിക്കുന്നത്? സഹകരണമേഖലയിലും ഈ കിരാതവാഴ്ച ആഡംബരപൂർവം തുടരുന്നതിനെയും ആഘോഷമാക്കുന്നതിനെയുമാണ് കഴിഞ്ഞദിവസം ചോദ്യം ചെയ്തത്; ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി. രാഷ്ട്രീയാതിപ്രസരത്തിൽ സഹകരണസ്ഥാപനങ്ങൾ ശ്വാസം മുട്ടി മരിക്കുകയാണെന്നായിരുന്നു കോടതിയുടെ കണ്ടെത്തൽ. സഹകരണമേഖലയുടെ തീരാശാപമാണ് രാഷ്ട്രീയമെന്നും, നിയമപരമോ നിയമവിരുദ്ധമോ ആയ ഏതു മാർഗത്തിലൂടെയും ഭരണം പിടിക്കണമെന്ന ലക്ഷ്യം അപകടകരമാണെന്നുമാണ് കോടതിയുടെ നിരീക്ഷണം.

ഭരണമുറപ്പിക്കാൻ സ്വന്തം പാർട്ടിക്കാരെ തിരുകിക്കയറ്റാനുള്ള ഗൂഢശ്രമമാണ്; ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ സംസ്ഥാനത്ത് പാർട്ടി ഭരണത്തിലെത്തുമ്പോൾ അധികാരത്തിലുള്ളവരെ ഒഴിവാക്കാൻ ഏതടവും പയറ്റുന്നു. ബലപ്രയോഗവും അസാധാരണമല്ല. പാലക്കാട് വല്ലപ്പുഴ സർവീസ് സഹകരണ ബാങ്കിലെ ഭരണസമിതി പിരിച്ചുവിട്ട ഉത്തരവു റദ്ദാക്കിക്കൊണ്ട് ജസ്റ്റിസ് എസ്. സിരിജഗൻ ഓരോന്നും വിലയിരുത്തുകയായിരുന്നു, വിധിതീർപ്പിനായി. ബാങ്കുഭരണസമിതിയെ അവിഹിതമാർഗത്തിലൂടെ പിരിച്ചുവിട്ട നടപടി ദുരുദ്ദേശ്യപരമാണെന്നും അധികാര ദുർവിനിയോഗമാണെന്നും കോടതി നിരീക്ഷിക്കുമ്പോൾ നമ്മുടെ സഹകരണവകുപ്പാണ് പ്രതിക്കൂട്ടിലാവുന്നത്. സഹകരണമേഖലയെ ഗ്രസിക്കുന്ന രാഷ്ട്രീയ മഹാവ്യാധിയെപ്പറ്റി തീരെ സഹികെട്ടിട്ടാണ് കോടതി വിമർശനത്തിനൊരുങ്ങിയതും.

**ഓഹരിയുടമകളും സഹകാരികളും ചേർന്ന പാരസ്പര്യത്തിന്റെ ജീവവായു ശ്വസിക്കുന്ന നാട്ടരങ്ങായിരുന്നു നമ്മുടെ സഹകരണപ്രസ്ഥാനം. വ്യക്തിയുടെയും സമൂഹത്തിന്റെയും മാന്യമായ സാമ്പത്തികോന്നമനത്തിന്റെ ധനശാസ്ത്രമറിഞ്ഞ സഹകരണസംഘത്തിന്റെ ആശ്വാസധനം കൊണ്ടു പച്ചപിടിച്ചത് വ്യാപാരവും വ്യവസായവും കൃഷിയും മാത്രമല്ല, ആതുരശുശ്രൂഷയും സാഹിത്യ കൈത്തൊഴിലും തുടങ്ങി കൈവെക്കാത്ത മേഖലകൾ ചുരുക്കമാണ്.**

ഓഹരിയുടമകളും സഹകാരികളും ചേർന്ന പാരസ്പര്യത്തിന്റെ ജീവവായു ശ്വസിക്കുന്ന നാട്ടരങ്ങായിരുന്നു നമ്മുടെ സഹകരണപ്രസ്ഥാനം. വ്യക്തിയുടെയും സമൂഹത്തിന്റെയും മാന്യമായ സാമ്പത്തികോന്നമനത്തിന്റെ ധനശാസ്ത്രമറിഞ്ഞ സഹകരണസംഘത്തിന്റെ ആശ്വാസധനം കൊണ്ടു പച്ചപിടിച്ചത് വ്യാപാരവും വ്യവസായവും കൃഷിയും മാത്രമല്ല, ആതുരശുശ്രൂഷയും സാഹിത്യ കൈത്തൊഴിലും തുടങ്ങി കൈവെക്കാത്ത മേഖലകൾ ചുരുക്കമാണ്.

**സാധാരണക്കാരൻ കൃഷിയിറക്കാനും വിത്തുവാങ്ങാനും വീടുവയ്ക്കാനും സ്ഥലം വാങ്ങാനും പെൺകുട്ടികളെ കെട്ടിച്ചയയ്ക്കാനും വായ്പതേടി സഹകരണബാങ്കിനെ സമീപിച്ചാൽ ഖേദപൂർവം കൈമലർത്തുന്ന രാഷ്ട്രീയസോപാനങ്ങളിലെ സഹകാരിമാർക്ക് ഓഹരിയുടമയുടേതെന്നല്ല, ആരുടെയും വികാരവിചാരങ്ങളും വേദനയും അറിയില്ല.**

നാട്ടിൻപുറങ്ങളിലും നഗരമധ്യത്തിലും സാധാരണക്കാരന്റെ നിത്യജീവിതവും ഉപഭോഗങ്ങളും സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ടതായിരുന്നു. വില്ലേജ് സർവീസ് സഹകരണബാങ്കിന്റെ ശാഖകളിലാവട്ടെ പണയം വാങ്ങലും വായ്പകൊടുക്കലും വളം വിതരണവും ഉത്സവാഘോഷങ്ങളിൽ വയറുനിറയ്ക്കാൻ ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്തു; വിലകിഴിവോടെ! അതിന്റെ ലാഭവിഹിതത്തിനായി ഒരു ഓഹരിയുടമയും കൈനീട്ടിയിരുന്നില്ല. മറിച്ചു ഇല്ലായ്മയുടെ ദുരിതകാലങ്ങളിൽ തീറ്റിപ്പോറ്റിയ അക്ഷയപാത്രം തകർന്നുടയരുതേ എന്ന പ്രാർത്ഥനയായിരുന്നു അവർക്ക്. മാറിവരുന്ന സർക്കാരുകൾ നിയമനിർമാണം നടത്തിയും ഭരണസമിതി പിരിച്ചുവിട്ടും പക കാണിച്ചപ്പോളൊക്കെ സഹകരണ പ്രസ്ഥാനം പ്രവർത്തനനേരുകൊണ്ടു കാലത്തെ അതിജീവിക്കുകയായിരുന്നു. ആ മഹാപ്രസ്ഥാനത്തെയാണ് ഇടതുപക്ഷരാഷ്ട്രീയം കക്ഷത്തിലൊതുക്കാൻ നോക്കിയതും കോടതി വിലക്കിയതും.

അവികസിതമായ അഹംബോധത്താൽ വീണ്ടുവിചാരമില്ലാതെ മുടന്തൻ ന്യായങ്ങൾ കൊണ്ടും തെറ്റുകുറ്റങ്ങൾക്കു ബദൽരേഖ സൃഷ്ടിക്കാൻ അതിസാമർത്ഥ്യം കാണിക്കുന്നില്ലേ ഇടതുപക്ഷം? സി.പി.എം. കേന്ദ്രകമ്മിറ്റിയുടെ കണ്ടെത്തലുകളും വഷളായിക്കൊണ്ടിരിക്കുന്ന പാർട്ടിയുടെ ജീവനകല അപകടകരമെന്നും. പാർലമെണ്ടറി വ്യാമോഹവും, പാർലമെണ്ടറി അവസരവാദവുമാണ് സി.പി.എം. വിഭാഗീയതയുടെ മൂലകാരണമെന്നു കേന്ദ്രകമ്മിറ്റി മനസ്സിലാക്കിയിരിക്കുന്നു. പാർട്ടിക്കമ്മിറ്റികൾ വ്യക്തികളെ കേന്ദ്രീകരിച്ചു പിടിച്ചെടുത്തശേഷം സ്ഥാനമാനങ്ങൾ വീതംവയ്ക്കുകയാണ്.

ദുരിതവേളകളിൽ സാധാരണക്കാരന് സാന്ത്വനം ചൊരിയുന്ന സഹകരണസ്ഥാപനങ്ങളെ രാഷ്ട്രീയം മൃഗീയമായി കൊല്ലുന്നുവെന്ന കോടതിയുടെ വെളിപ്പെടുത്തൽ കമ്യൂണിസ്റ്റു വിപ്ലവപ്രസ്ഥാനത്തെ വല്ലാതെ അലട്ടിയിരിക്കണം. കാലം വൈകിപ്പോയി, കേവലമാചാരനൂലുകളെല്ലാം പഴകിപ്പോയെന്ന് ലോക്കൽ കമ്മിറ്റിയും കേന്ദ്രകമ്മിറ്റിയും മാത്രമല്ല; പാർട്ടിക്കാർഡുള്ള പ്രജാപതിമാരും അറിഞ്ഞിരിക്കേണ്ടതല്ലേ?

കോട്ടയത്ത് കഴിഞ്ഞദിവസങ്ങളിൽ രണ്ടു സർവീസ് സഹകരണബാങ്കുകളിൽ തെരഞ്ഞെടുപ്പു നടന്നു; കാരാപ്പുഴയിലും തിരുവാർപ്പിലും. അവിടെ ഉയർന്ന പരാതി വോട്ടർപട്ടികയിലെ തിരിമറികളെക്കുറിച്ചും പാർട്ടിപ്രവർത്തകരുടെ പക്ഷപാതപരമായ നീക്കങ്ങളെക്കുറിച്ചുമായിരുന്നു.

>> 10

## അറിയേണ്ടും കാര്യങ്ങൾ

### ഇന്തൊനേഷ്യയിൽ ഭക്ഷണം തന്നെ മുഖ്യ പ്രശ്നം !

ജനസംഖ്യയിൽ ലോകത്തെ നാലാമത്തെ രാഷ്ട്രമായ ഇന്തൊനേഷ്യയിൽ ഭക്ഷ്യവസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റം മൂലം വീണ്ടും ജനങ്ങൾ ദുരിതത്തിലായിരിക്കുന്നു. ലോകബാങ്കിന്റെ റിപ്പോർട്ടുപ്രകാരം 23.5 കോടിയോളം വരുന്ന ഇന്തൊനേഷ്യൻ ജനതയിൽ പകുതിയോളംപേർ ഒരു ദിവസം രണ്ടു ഡോളറിൽ താഴെമാത്രം വരുമാനമുള്ളവരാണ്. തന്നെയുമല്ല ഏഷ്യയിലെ തന്നെ ദാരിദ്ര്യനിരക്ക് ഏറ്റവും കൂടിയ രാജ്യവും ഇന്തൊനേഷ്യ തന്നെ. ഗവൺമെണ്ടിന്റെ കണക്കുപ്രകാരം 14 ശതമാനമാണിതെങ്കിലും യഥാർത്ഥ കണക്ക് ഇതിന്റെ ഇരട്ടിയോളം വരും എന്നു വിലയിരുത്തപ്പെടുന്നു.



കഴിഞ്ഞ രണ്ടുവർഷമായി രാജ്യം വളരെ ശാന്തമായിരുന്നു. വളർച്ചാനിരക്ക് 6 ശതമാനം എന്ന താരതമ്യേന മെച്ചപ്പെട്ട നിരക്കിൽ നിലനിർത്താനും കഴിഞ്ഞിരുന്നു. ഇക്കാലയളവിൽ വിദേശനിക്ഷേപവും കൂടുതലായി എത്തിയിരുന്നു. പക്ഷേ, വാണിജ്യതലസ്ഥാനം കൂടിയായ ജക്കാർത്തയിൽ ജൂലൈ 17ന് ഉണ്ടായ രണ്ട് വൻ സ്ഫോടനങ്ങൾ രാജ്യത്തെ ആഭ്യന്തരസുരക്ഷ ഭീഷണിയിലാണെന്ന സന്ദേശമാണ് ലോകത്തിനു നല്കിയത്.

ആഡംബര ഹോട്ടലുകളായ റിറ്റ്സ്-കാൾട്ടൺ, ജെ.ഡബ്ല്യു. മാരിയറ്റ് എന്നിവിടങ്ങളിലുണ്ടായ സ്ഫോടനങ്ങളിൽ ഒമ്പതുപേർ കൊല്ലപ്പെടുകയും നാല്പതുപേർക്ക് പരുക്കേല്ക്കുകയും ചെയ്തിരുന്നു. ഇത് വിദേശ നിക്ഷേപത്തെയും വിനോദസഞ്ചാരമേഖലയെയും പ്രതികൂലമായി ബാധിച്ചു.



എണ്ണവിലയിൽ ഉണ്ടായ ഇടിവുമൂലം കഴിഞ്ഞ വർഷം ഭക്ഷ്യവസ്തുക്കളുടെ വിലസ്ഥിരത നിലനിന്നിരുന്നു. ഇത് ഇന്തൊനേഷ്യക്കാർക്ക് വലിയ ആശ്വാസമേകി. ഭക്ഷ്യവസ്തുക്കളുടെ വിലയും ലഭ്യതയും മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് ഇന്തൊനേഷ്യയിൽ എക്കാലവും ഏറ്റവും വലിയ വൈകാരിക വിഷയമായിരുന്നു. ആഹാരത്തോടുള്ള ഇന്തൊനേഷ്യൻ ജനതയുടെ അമിതതാത്പര്യമാണ് സ്വഭാവികമായും ഇതിനു കാരണം.

കഴിഞ്ഞവർഷം ഭക്ഷ്യ എണ്ണയുടെയും അരിയുടെയും വിലവർധനയിൽ പ്രതിഷേധിച്ച് ജക്കാർത്തയിൽ നടന്ന വൻ റാലി ആഗോളതലത്തിൽ തന്നെ ചർച്ചാവിഷയമായിരുന്നു. ഏകാധിപത്യഭരണാധികാരി എന്ന നിലയിൽ പേരുകേട്ട മുൻ പ്രസിഡണ്ട് സുഹാർത്തോയുടെ അധികാരത്തിൽ നിന്നുള്ള പതനത്തിന് വഴിവച്ചതും ഇറക്കുമതി ചെയ്ത ഭക്ഷ്യവസ്തുക്കൾക്കുണ്ടായ വൻ വില വർധനവാണെന്നത് ചരിത്രം!

❖



# ബാലലോകം

## സിപ്പിയങ്കിളും കുട്ട്യോളും

## ഐൻസ്റ്റീനും നീഗ്രോബാലനും

*പ്രിയ കൂട്ടുകാരേ,*

ശരീരം എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതും, നല്ല വസ്ത്രങ്ങളണിഞ്ഞ് 'ടിപ്പ്ടോപ്പാ'യി നടക്കുന്നതും മനുഷ്യന്റെ അന്തസ്സിന്റെ പ്രശ്നമാണ്. കുളിക്കാതെയും മുഖം കഴുകാതെയും വിദ്യാലയത്തിലേക്കു പോകുന്ന എത്രയോ കൂട്ടുകാർ നമുക്കുണ്ട്! ഉള്ള വസ്ത്രങ്ങൾ വൃത്തിയായി സൂക്ഷിക്കാതെ 'കോലംകെട്ടു'നടക്കുന്ന എത്രയോ അലസന്മാർ നമ്മുടെ ഇടയിലുണ്ട്! ഇതൊന്നും നല്ല ശീലങ്ങളല്ല.

നാം എപ്പോഴും പ്രകാശിക്കുന്ന മിന്നാമിനുങ്ങുകളാവണം. "ശുചിത്വശീലമില്ലാതെ വളരുന്ന മനുഷ്യക്കുട്ടികൾ ചേറിൽ മറിയുന്ന പന്നിക്കുട്ടികൾക്കു സമാനമാണെന്ന്" മുൻ കേന്ദ്രമന്ത്രി മനേകാ ഗാന്ധി ഒരിക്കൽ പറഞ്ഞത് ഓർമയിൽ വരുന്നു. ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികൾ നന്നായി മനസ്സിലാക്കണമെന്ന സദുദ്ദേശ്യത്തോടെയാണ് അവർ അങ്ങനെ പറഞ്ഞത്.

ശുചിത്വവുമായി ബന്ധപ്പെട്ട രസകരമായ ഒരു കഥയുണ്ട്. പ്രസിദ്ധ ശാസ്ത്രകാരനായ ആൽബർട്ട് ഐൻസ്റ്റീൻ ഒരിക്കൽ ഒരു തെരുവിലൂടെ യാത്രചെയ്യുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ എതിരെ ഒരു നീഗ്രോബാലൻ നടന്നുവന്നു. നല്ല മിടുക്കും തന്റേടവുമുള്ള ഒരു പയ്യൻ! അവന്റെ നടപ്പും നോട്ടവുമൊക്കെ അദ്ദേഹത്തിന് വളരെ ഇഷ്ടമായി. പക്ഷേ അവന്റെ മുഖത്ത് നിറയെ അഴുക്കുപറ്റിയിരിക്കുന്നതു കണ്ട് അദ്ദേഹത്തിന്റെ മുഖം മ്ലാനമായി. അദ്ദേഹം അവനെ അരികിൽ വിളിച്ച് പോക്കറ്റിൽ നിന്ന് കുറച്ചു പണമെടുത്ത് കയ്യിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു: "കുട്ടീ, നീ നല്ല ഐശ്വര്യമുള്ളവനാണ്. പക്ഷേ, നിന്റെ മുഖത്ത് എത്ര അഴുക്കാണ് പറ്റിയിരിക്കുന്നത്? വേഗം പോയി അതൊക്കെ കഴുകിക്കളഞ്ഞിട്ടു വരൂ" – ഐൻസ്റ്റീൻ ഉപദേശിച്ചു.

നീഗ്രോബാലൻ വേഗം ആ പണവും വാങ്ങി എവിടേയ്ക്കോ ഓടിപ്പോയി. കുറേക്കഴിഞ്ഞ് അവൻ അദ്ദേഹത്തിന്റെ മുന്നിൽതന്നെ തിരിച്ചെത്തി. അപ്പോൾ അവന്റെ മുഖം വളരെ സുന്ദരമായിരുന്നു. മുഖത്ത് പേരിനുപോലും അഴുക്കുണ്ടായിരുന്നില്ല. എല്ലാം കഴുകി വൃത്തിയാക്കിയിട്ടാണ് അവൻ തിരിച്ചുവന്നത്.

ഐൻസ്റ്റീൻ കൊടുത്ത പണം തിരിച്ചുനല്കിയിട്ട് അവൻ പറഞ്ഞു: "ഈ പണം എനിക്കു വേണ്ട. ഇതുപയോഗിച്ച് അങ്ങ് ഏതെങ്കിലും ബാർബർ ഷോപ്പിൽ കയറി തലമുടിയൊന്നു വെട്ടിക്ക്!"

കുട്ടി പറഞ്ഞതുകേട്ട് പെട്ടെന്ന് അദ്ദേഹം തന്റെ തലയിൽ വിരലോടിച്ചു. മുടിവളർന്ന് വികൃതമായിരിക്കുന്നു എന്ന സത്യം അപ്പോഴാണ് അദ്ദേഹം തിരിച്ചറിഞ്ഞത്. പൊട്ടിച്ചിരിച്ചുകൊണ്ട് അദ്ദേഹം അവനെ തലോടി. ശുചിത്വത്തിന്റെ കാര്യത്തിൽ നാം എപ്പോഴും ശ്രദ്ധാലുക്കളാകണം. ഇല്ലെങ്കിൽ അലസതയും നിരാശതയും രോഗങ്ങളും നമ്മെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കും.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

*കുട്ടിക്കവിത*

## അക്ഷരഗാനം

# ഉ



**ഉ**മ്മ വിളമ്പും നെയ്ച്ചോറ്;
**ഉ**സ്താദുണ്ട് കഥപറയാൻ!
**ഉ**പ്പ കൊടുത്തു കുപ്പായം
**ഉ**സ്മാനെന്നും ഉത്സവമായ്!

**മാത്യു കാരാംവേലി**

# ഹെയ്ദി

## മുത്തശ്ശിയും ഹെയ്ദിയും



### ബാലനോവൽ – 4

**ജോഹന്നാസ് സ്പൈറി**

**പുനരാഖ്യാനം: കിളിരൂർ രാധാകൃഷ്ണൻ**

**ഹെ**യ്ദി ദിവസം മുഴുവൻ പീറ്ററിനൊപ്പം ആടുകളെ മേച്ചുനടന്നു. അവൾ ആഹ്ലാദമഗ്നയായിരുന്നു. വൃക്ഷങ്ങളിലിരുന്ന് പാടുന്ന കിളികളെപ്പോലെ സ്വതന്ത്രയാണിപ്പോൾ താനെന്ന് അവൾക്കു തോന്നി. അപ്പൂപ്പനെയാണെങ്കിലോ അവൾക്ക് ഏറെ ഇഷ്ടമായി. നല്ല അപ്പൂപ്പൻ!

മഞ്ഞുകാലം തുടങ്ങിയതോടെ അവൾക്ക് വീട്ടിൽത്തന്നെ ചടഞ്ഞുകൂടേണ്ടിവന്നു. അതിശക്തമായ ശീതക്കാറ്റ് വീശുമെന്നും ആ കാറ്റ് ചിലപ്പോൾ അവളെ പറപ്പിച്ച് അടിവാരത്തിലെത്തിക്കുമെന്നും അപ്പൂപ്പൻ പറയാറുണ്ട്. ഹെയ്ദിയില്ലാതെ ആടുമേയ്ക്കാൻ പോകാൻ പീറ്ററിനും മടിയാണ്. ആടുകൾപോലും അവളുടെ സാന്നിധ്യം ആഗ്രഹിച്ചു. അവളില്ലാത്തപ്പോൾ അവ തോന്നിയപാട് അലഞ്ഞുതിരിയും.

വീട്ടിലിരിക്കുമ്പോഴും അവൾ സന്തോഷവതിയായിരുന്നു. വെറുതെയിരിക്കാതെ അവൾ അപ്പൂപ്പന്റെ ആശാരിപ്പണികൾ സശ്രദ്ധം നോക്കിയിരിക്കും. അപ്പൂപ്പന് അവൾ അടുത്തുണ്ടാവുന്നത് വളരെ താത്പര്യമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ശൈത്യകാലം ഹെയ്ദിക്ക് വളരെ ഇഷ്ടമായിരുന്നു. പീറ്ററിനെ കാണാൻ പറ്റാറില്ലെങ്കിലും മരങ്ങളും ചെടികളും പാറകളുമെല്ലാം മഞ്ഞു പുതപ്പണിഞ്ഞ് നില്ക്കുന്ന കാഴ്ച അവളേറെ ഇഷ്ടപ്പെട്ടു. ശൈത്യകാലം എന്നും തുടരണമെന്നുപോലും അവൾ മോഹിച്ചു.

ഒരുദിവസം പീറ്റർ അവരോടൊപ്പം മുറിക്കുള്ളിലെ അടുപ്പിനരികിൽ വന്നിരുന്നു. മഞ്ഞുകാലത്ത് അവൻ സ്കൂളിൽ പോകാറുണ്ട്. സ്കൂളിലെ വിശേഷങ്ങൾ എന്തൊക്കെയെന്ന് ഹെയ്ദി ചോദിച്ചു. പക്ഷേ അതിനൊന്നും ശരിക്കവൻ മറുപടി പറഞ്ഞില്ല. അതുമിതുമൊക്കെ പറഞ്ഞ് രക്ഷപ്പെട്ടു.

ഇപ്പോൾ പീറ്ററിന് ആൽപ്പപ്പൂപ്പനോടുള്ള പേടിയൊക്കെ പോയി. ഹെയ്ദിയും അവനും അപ്പൂപ്പനും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ അവൻ പറഞ്ഞു.

"നിങ്ങൾ രണ്ടാളും ഒരു ദിവസം എന്റെ മുത്തശ്ശിയെ കാണാൻ വരണം."

പീറ്ററിന്റെ വർണനകൾ കേട്ട് ഹെയ്ദിക്ക് ആ മുത്തശ്ശിയെ കാണാൻ തിരക്കായിരുന്നു. പിറ്റേന്ന് രാവിലെ തന്നെ പോകാമെന്ന് അവൾ അപ്പൂപ്പനോട് പറഞ്ഞു. മഞ്ഞ് തോരാതെ പെയ്യുകയാണെന്നും ഈ കാലാവസ്ഥയിൽ യാത്ര പറ്റില്ലെന്നും അപ്പൂപ്പൻ പറഞ്ഞത് അവൾക്കും ബോധ്യമായി.

എങ്കിലും അവൾ എല്ലാദിവസവും ആഗ്രഹം ആവർത്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ വലിയ മഞ്ഞുപെയ്ത്തില്ലാത്ത ഒരു ദിവസം അപ്പൂപ്പൻ അവളെയുംകൂട്ടി മഞ്ഞുവണ്ടിയിൽ പീറ്ററിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. മഞ്ഞിലൂടെ തെന്നിയോടുന്ന മഞ്ഞുവണ്ടിയിലെ യാത്ര രസകരമായിരുന്നു. ഒടുവിൽ അവർ പീറ്ററിന്റെ വീടിനടുത്തെത്തിയപ്പോൾ ആഹ്ലാദത്താൽ അവൾ ആർത്തുവിളിച്ചു. അപ്പൂപ്പൻ അവളോട് വീട്ടിലേക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞിട്ട് മലമുകളിലേക്ക് മടങ്ങിപ്പോയി.

*(തുടരും)*

CYAN MAGENTA YELLOW BLACK

## വാർത്തകൾ

# അധ്വാനവർഗത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന ഭരണകൂടം അനിവാര്യം

**കെ.എം.മാണി**



*കേരളാ കോൺഗ്രസ് (എം) തൊടുപുഴ നിയോജകമണ്ഡലം കമ്മിറ്റി ഓഫീസ് പാർട്ടി ലീഡർ കെ.എം.മാണി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.*

**ക**ർഷകർ ഉൾപ്പെടെയുള്ള അധ്വാനവർഗത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുകയും അവരുടെ ബഹുവിധ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ഭരണകൂടത്തിന്റെ അഭാവം ഇന്ന് കേരളീയർ തിരിച്ചറിഞ്ഞിരിക്കുന്നതായി കേരളാ കോൺഗ്രസ് ലീഡർ കെ.എം. മാണി എംഎൽഎ അഭിപ്രായപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) തൊടുപുഴ നിയോജകമണ്ഡലം കമ്മിറ്റി ഓഫീസിന്റെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ബഹുഭൂരിപക്ഷം വരുന്ന അധ്വാനവർഗത്തിന്റെ ക്ഷേമം ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം സാധ്യമാകുകയുള്ളൂ. കേരളാ കോൺഗ്രസിന്റെ പ്രഖ്യാപിത നിലപാടും ലക്ഷ്യവും ഇതാണ്. ഭരണത്തിലിരിക്കെയും പ്രതിപക്ഷത്തിരിക്കെയും ആ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് ഈ രാഷ്ട്രീയപ്രസ്ഥാനം പ്രവർത്തിച്ചിട്ടുള്ളത്. കർഷകപെൻഷൻ എന്ന വിപ്ലവകരമായ തീരുമാനം അതിന് ഒരുദാഹരണം മാത്രം.



*തൊടുപുഴയിൽ കേരളാ കോൺഗ്രസ് (എം) നിയോജകമണ്ഡലം കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്യാനെത്തിയ പാർട്ടി ലീഡർ കെ.എം.മാണിയെ നിയോജകമണ്ഡലം പ്രസിഡണ്ട് പ്രൊഫ. കെ.ഐ. ആന്റണി സ്വീകരിക്കുന്നു. പാർട്ടി ജില്ലാ പ്രസിഡണ്ട് അലക്സ് കോഴിമല, റോഷി അഗസ്റ്റിൻ എം.എൽ.എ തുടങ്ങിയവർ സമീപം.*

ഇന്നു നമ്മുടെ സംസ്ഥാനത്ത് ഭരണം കയ്യാളുന്നവർക്ക് വാക്കുകളിൽപോലും കർഷകരോടും അധ്വാനവർഗത്തോടുമുള്ള പ്രതിബദ്ധത നഷ്ടമായിരിക്കുന്നു. ഉപജാപക സംഘത്തെപ്പോലെയാണ് അവർ പ്രവർത്തിക്കുന്നത്. ജനങ്ങളുടെ മനസ്സിൽ അവരെ പ്രതി ഭയമാണിന്നുള്ളത്. സമ്പത്ത് വാരിക്കൂട്ടുന്നതിൽ മാത്രമാണ് സിപിഎം നേതാക്കൾക്ക് താത്പര്യമെന്ന് പറഞ്ഞത് ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടു തന്നെയാണ്. ഇത്തരക്കാരിൽ നിന്ന് അധ്വാനവർഗത്തിന് പീഡനം മാത്രമാണ് ലഭിക്കുന്നത്. ഈ ജനവിരുദ്ധസർക്കാരിനെ അവർ അർഹിക്കുന്ന അവജ്ഞയോടെ അധികാരത്തിൽനിന്ന് ഇറക്കിവിടുവാൻ കേരളജനത കാത്തിരിക്കുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നതെന്നും കെ.എം. മാണി പറഞ്ഞു.

കേരളാ കോൺഗ്രസ് (എം) ഇടുക്കി ജില്ലാ പ്രസിഡണ്ട് അലക്സ് കോഴിമല അധ്യക്ഷത വഹിച്ചു. പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.ജോയി ഏബ്രഹാം, റോഷി അഗസ്റ്റിൻ എം.എൽ.എ, പ്രൊഫ.കെ.ഐ.ആന്റണി, മാത്യു സ്റ്റീഫൻ, അഡ്വ.ജോയി തോമസ്, റോയി കെ.പൗലോസ്, അഡ്വ.എസ്.അശോകൻ, ജോൺ നെടിയപാല, മുസ്ലീംലീഗ് ജില്ലാ പ്രസിഡണ്ട് ടി.എം.സലിം, സി.എം.പി. ജില്ലാ സെക്രട്ടറി സുരേഷ് ബാബു, കേരളാ കോൺഗ്രസ് സെക്യുലർ ജില്ലാ പ്രസിഡണ്ട് ജോസ് കോലടി, ഷാഹുൽ പള്ളത്തുപറമ്പിൽ, വേണു കുറുന്തോട്ടത്തിൽ, മുനിസിപ്പൽ ചെയർ പേഴ്സൺ ഷീജ ജയൻ, ജോസ് അയലേടം, ജോസ് കവി, ജിമ്മി മറ്റത്തിപ്പാറ, റെജി കുന്നംകോട്ട്, ജയകൃഷ്ണൻ പുതിയിടത്ത്, പി.വി.ലാലച്ചൻ, ആൽബർട്ട് കണിയാമറ്റം, ടോമി മുണ്ടുപാലം, ബെന്നി പാമ്പയ്ക്കൽ, ബിനു ഇല്ലിമൂട്ടിൽ, കെ.ടി. അഗസ്റ്റിൻ, ബെന്നി പ്ലാക്കൂട്ടം, മാത്യു വാരിക്കാട്ട്, അപ്പച്ചൻ പാലാട്ട്, ജോസി വേളാച്ചേരി എന്നിവർ പ്രസംഗിച്ചു. ❖

---

**സ്വാശ്രയ കോളജ് പ്രവേശനം**

# ഇടതുസർക്കാർ നിലപാട് അന്യസംസ്ഥാന ലോബിയെ സഹായിക്കാൻ

**അഡ്വ.ജോബ് മൈക്കിൾ**



*കേരളാ യൂത്ത് ഫ്രണ്ട് (എം) പത്തനംതിട്ട ജില്ലാ പ്രവർത്തക സമ്മേളനം സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്യുന്നു. വിക്ടർ ടി.തോമസ്, അഡ്വ.മുഹമ്മദ് ഇക്ബാൽ, ബിജോയ് തോമസ്, കെ.ആർ.രവി, മജ്നു എം.രാജൻ, വി.ആർ.രാജേഷ്, ഷിബു സി.സാം, ജോൺ മാത്യു എന്നിവർ സമീപം.*

**സ്വാ**ശ്രയകോളജ് പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഇടതുസർക്കാർ നടത്തുന്ന ഒളിച്ചുകളി അന്യസംസ്ഥാന വിദ്യാഭ്യാസലോബിയെ സഹായിക്കാനാണെന്ന് വ്യക്തമായതായി കേരളാ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ആരോപിച്ചു.

തൊടുന്യായവാദങ്ങൾ നിരത്തിയും അധികാരമുപയോഗിച്ച് സ്വാശ്രയമാനേജുമെണ്ടു സ്ഥാപനങ്ങൾക്കെതിരെ ഭരണഘടനാ വിരുദ്ധമായ നടപടികൾ സ്വീകരിച്ചും വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട മാർക്സിസ്റ്റുപാർട്ടിയുടെ ഹിഡൺ അജണ്ട നടപ്പാക്കുകയാണ്.

ഈ ജനവിരുദ്ധ നയത്തെ വെള്ള പൂശുവാനായി അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ന്യൂനപക്ഷ മാനേജുമെണ്ടുകൾ ഉൾപ്പെടെയുള്ളവയ്ക്കെതിരെ ഉയർത്തുന്നു. ഇതുവഴി ഉന്നത വിദ്യാഭ്യാസമേഖലയിൽ അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും വ്യാപിച്ചിരിക്കുന്നു.

പതിനായിരകണക്കിന് വിദ്യാർത്ഥികൾ കഴുത്തറുപ്പൻ ഫീസു നല്കി അന്യസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസലോബിയുടെ ചൂഷണത്തിന് ഇരകളാകുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഈ ജനദ്രോഹനിലപാടു വച്ചുപൊറുപ്പിക്കുവാൻ കഴിയില്ല. ഇതിനെതിരെ ശക്തമായ പ്രക്ഷോഭ പരമ്പര തന്നെ സംഘടിപ്പിക്കുമെന്നും ജോബ് മൈക്കിൾ മുന്നറിയിപ്പു നല്കി.

കേരളാ യൂത്ത് ഫ്രണ്ട് (എം) പത്തനംതിട്ട ജില്ലാ പ്രവർത്തക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളാ കോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ പ്രസിഡണ്ട് വിക്ടർ ടി. തോമസ് മുഖ്യ പ്രഭാഷണം നടത്തി. യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് മജ്നു എം.രാജൻ അധ്യക്ഷത വഹിച്ചു.

യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.മുഹമ്മദ് ഇക്ബാൽ, കെ.ആർ.രവി, അഡ്വ.ബിജോയ് തോമസ്, വി.ആർ.രാജേഷ്, ഷിബു സി. സാം, ജോൺ മാത്യു, അഡ്വ.ബോബി കാക്കനാപ്പള്ളി, എം.സി.ജയകുമാർ, തോമസ് ജോർജ്, ഡേവിഡ് സാമുവേൽ, എ. ജി.മധു, ജേക്കബ് മാമ്മൻ, കുഞ്ഞുമോൻ കെങ്കിരേത്ത്, അജു പി.ഏബ്രഹാം, റെജി പ്ലാംതോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു.

ഫ്ളാഷ്ബാക്ക്

തേക്കിൻകാട് ജോസഫ്

# കാറ്റകോമ്പുകൾ
## മരിച്ചവരുടെ ശയ്യാഗാരങ്ങൾ

റോമിൽ വത്തിക്കാൻ മ്യൂസിയവും സെന്റ് പീറ്റേഴ്സ് ബസലിക്കയും കണ്ടിറങ്ങുമ്പോൾ എന്റെ റോമൻ യാത്രയുടെ ചുമതല ഏറ്റെടുത്ത ഫാ.ജോസ് കോട്ടയിൽ പറഞ്ഞു:

"ഇനി കാറ്റകോമ്പുകൾ കാണാൻ പോകാം. വളരെ വ്യത്യസ്തമായ ഒരനുഭവമായിരിക്കും. എനിക്കു ക്ലാസ്സുണ്ട്. ബ്രദർ പോൾ ഒപ്പം വരും."

ബ്രദർ പോൾ പൊന്തിഫിക്കൽ സെമിനാരിയിലെ വിദ്യാർത്ഥിയാണ്. ഞങ്ങൾ നേരെ കാറ്റകോമ്പിലേക്കു പുറപ്പെട്ടു. മൃതരുടെ കുഴിമാടങ്ങൾ എന്നതിൽ കവിഞ്ഞ് എനിക്കന്ന് കാറ്റകോമ്പുകളെക്കുറിച്ചൊന്നുമറിയില്ല. കാറ്റകോമ്പുകളെക്കുറിച്ചു കൂടുതൽ വായിക്കാനും പഠിക്കാനുമൊട്ടു സമയവും കിട്ടിയിരുന്നില്ല.

ബ്രദർ പോളിന്റെ വിവരണത്തിൽ നിന്നാണ് അവയെക്കുറിച്ചുള്ള അറിവു കിട്ടിയത്. മൃതരായവരുടെ പതിനായിരക്കണക്കിനു കല്ലറകൾ ഉൾക്കൊള്ളുന്ന അറുപതോളം കാറ്റകോമ്പുകൾ റോമിൽതന്നെയുണ്ട്. റോമിനു വെളിയിൽ ഈസ്റ്റ് സിസിലിയായിലും നേപ്പിൾസിലും കാറ്റകോമ്പുകൾ കണ്ടെത്തിയിട്ടുണ്ട്. വിശുദ്ധ കാലിസ്റ്റസിന്റെ പേരിലുള്ള കാറ്റകോമ്പു കാണാനാണ് ഞങ്ങൾ തുനിഞ്ഞത്. മൂന്നാം നൂറ്റാണ്ടിലെ കാറ്റകോമ്പ് സൂക്ഷിപ്പുകാരനായിരുന്നു വിശുദ്ധ കാലിസ്റ്റസ്. 217ൽ അദ്ദേഹം വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ ഉപവിഷ്ഠനായി. പിന്നീട് രക്തസാക്ഷിത്വം വരിച്ചു.

ഒൻപതു രക്തസാക്ഷികളും 16 മാർപാപ്പമാരും അയ്യായിരത്തിലധികം വിശ്വാസികളും ഈ കാറ്റകോമ്പുകളിൽ അന്ത്യനിദ്രയിലാണ്. ആദിമ നൂറ്റാണ്ടുകളിലെ മതപീഡനത്തിന്റെ അവശേഷിപ്പുകളായി ഈ കാറ്റകോമ്പുകളെ കരുതുന്നതിൽ തെറ്റില്ല. ഭൂഗർഭ അറകളും തുരങ്കങ്ങളും നിർമിച്ച് അവയിൽ അടക്കം ചെയ്യപ്പെട്ട ഈ വിശ്വാസി സമൂഹം ചരിത്രത്തോട് സംവദിക്കുന്നത് ഒരു സമൂഹം എങ്ങനെ മരിച്ചു എന്നല്ല, എങ്ങനെ ജീവിച്ചിരുന്നു എന്നാണ്.

തികഞ്ഞ സാമൂഹികനീതിയും ഇവിടെ കാണാം. മാർപാപ്പയ്ക്കും സാധാരണ വിശ്വാസിക്കും ഭരണാധികാരിക്കും അടിമയ്ക്കും സമ്പന്നനും ദരിദ്രനും ഒരേ ഇടം. ഭൂഗർഭത്തിലെ വഴികളും ഇടവഴികളും അവയുടെ ഉൾപ്പിരിവുകളും സമാനസ്വഭാവവും സന്ദർശകന്റെ യാത്രാപഥങ്ങളെ സങ്കീർണമാക്കുന്നു. ഈ ഭൂഗർഭ അറകളുടെ സവിശേഷ സ്വഭാവത്തെക്കുറിച്ചും യാത്രാസംഘങ്ങൾ വഴിതെറ്റാതെ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും ഭൂഗർഭ ശ്മശാനത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് ഒപ്പം ചേരുന്ന ഗൈഡുകൾ മുന്നറിയിപ്പു നല്കും.



*സെന്റ് സെബാസ്റ്റ്യൻ കാറ്റകോമ്പ്*

എന്നിരുന്നാലും യാത്രാസംഘങ്ങളിലെ ഒറ്റപ്പെട്ട യാത്രികരെ കണ്ടെത്താൻ വേണ്ടി ഗൈഡുകൾ തിരഞ്ഞു നടക്കാറുണ്ട്. ശ്മശാന അറകളുടെ ഇടഭിത്തികളിലെ ശിലാലിഖിതങ്ങൾ വായിച്ചാസ്വദിക്കുന്ന ജിജ്ഞാസുക്കൾക്കാണ് വഴിപിരിയലിന്റെ അവസ്ഥ വന്നുചേരുന്നത്.

ഓരോ കല്ലറയും അവശേഷിപ്പിക്കുന്ന പ്രതീകാത്മകമായ ചിത്രങ്ങളും അതിനു പിന്നാലെ വരുന്ന ആലേഖനങ്ങളും ചരിത്രപഠിതാക്കളെ പിടിച്ചുനിർത്തും. കാലഗണന മുതൽ ചരിത്രപശ്ചാത്തലം വരെ എത്തുന്ന ചിന്തകളുമായി നില്ക്കുന്ന ഇത്തരക്കാരെ മറികടന്ന് സന്ദർശക സംഘങ്ങൾ മുന്നോട്ടുകുതിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള കാറ്റകോമ്പു സന്ദർശനത്തിനിടയിൽ ഈ ലേഖകനും വഴിതെറ്റി എന്നു പറയാം. സന്ദർശകസംഘത്തിന്റെ തിരക്കിൽപെട്ട് ബ്രദർ പോൾ കുറേ ദൂരം മുന്നോട്ടു പോയിരുന്നു. ശിലാലിഖിതങ്ങളിൽ കണ്ണുനട്ടും പ്രാർത്ഥനാലയത്തിൽ ധ്യാനനിമഗ്നനായും നിന്ന ഞാൻ പിന്തിരിഞ്ഞു നോക്കിയപ്പോൾ ബ്രദറിനെ കാണാനില്ല. ഒന്നുരണ്ടുവഴികൾ താണ്ടി നോക്കിയെങ്കിലും അവയുടെ സങ്കീർണത എന്നെ നേർവഴിക്കു നടത്തിയില്ല.

പിന്നെന്തുവഴി എന്നു ചിന്തിച്ചു നിന്നപ്പോഴേക്കും മറ്റൊരു സന്ദർശകസംഘം കടന്നുവരുന്നു. ഞാനും അവർക്കൊപ്പം കൂടി. പിന്നീട് അവരെ പിരിയാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചു. പ്രവേശനകവാടത്തിൽ തിരിച്ചെത്തുമ്പോൾ ബ്രദർ പോൾ വിഷണ്ണനായി എന്നെ കാത്തു നില്ക്കുകയായിരുന്നു. ഈ 'പുലിവാൽ പിടിക്കേണ്ടായിരുന്നു' എന്ന് എന്നെ കാണാതായ നിമിഷത്തിൽ ബ്രദറിനു തോന്നിക്കാണും. എന്തായാലും ഞങ്ങൾ തമ്മിൽ കണ്ടുമുട്ടിയപ്പോൾ അത്യാഹ്ളാദവാനായി, ബ്രദർ പോൾ.

അചാരനിഷ്ഠമായ ഈ മൃതശയ്യാഗാരങ്ങളിൽ നിന്നും പുറത്തുകടക്കുമ്പോൾ ഉള്ളറകളിലൊന്നിൽ കൊത്തിവച്ചിരുന്ന ഒരു കുറിപ്പ് എന്നെ സ്പർശിച്ചു. "Taata o bibs - Such is our life" എന്നായിരുന്നു ആ കുറിപ്പ്.

ഭൂഗർഭശ്മശാന അറകളിൽ നിന്നും ഞങ്ങൾ പിന്നീടു പോയത് റോമിനു വെളിയിലുള്ള അതിമനോഹരമായ ഒരു ശ്മശാനഭൂവിലേക്കാണ്. മൃതരായവരുടെ നിത്യസ്മരണയ്ക്കായി കെട്ടിയുയർത്തിയ മാർബിൾ ഫലകങ്ങൾക്കു കീഴിൽ സമർപ്പിക്കപ്പെട്ട ലക്ഷക്കണക്കിനു പനിനീർപുഷ്പങ്ങളും വൈവിധ്യമേറിയ പുഷ്പഹാരങ്ങളും ബൊക്കെകളും. നിതാന്തമായി കത്തിനില്ക്കുന്ന മെഴുകുതിരികൾ. അതിമനോഹരമായ ഒരു ദ്യാനത്തിൽ കടന്നുചെന്ന പ്രതീതി. പ്രശാന്തമായ അന്തരീക്ഷം.

ടാക്സിയിൽ ഈ പുണ്യഭൂമിയിലേക്കു പോകുമ്പോൾ വഴിനീളെ സമർപ്പണത്തിനു വേണ്ടി ഒരുക്കിയ രക്തപുഷ്പങ്ങളുമായി നില്ക്കുന്ന അനേകം പേരെ കണ്ടു. മരണമടഞ്ഞവരുടെ നിത്യസ്മാരകങ്ങളിൽ സമർപ്പിക്കപ്പെടാനുള്ള പനിനീർ മലരുകൾ.

കാറ്റകോമ്പുകളെക്കുറിച്ചു ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ വരികൾ അർത്ഥവത്താണെന്നു തോന്നി. "ആദിമ ക്രൈസ്തവികതയുടെ തിരുശേഷിപ്പുകൾ. അവരുടെ രക്തസാക്ഷിത്വത്തോളം നയിച്ച വിശ്വാസത്തെ സ്പർശിച്ചറിയാൻ ഈ സന്ദർശനം ഇടയാക്കും".

മൃതരായവർക്ക് റോം ഒരുക്കിയ ഈ ശയ്യാഗാരങ്ങൾ മരണാനന്തര ജീവിതത്തിന്റെ അനശ്വരതയെക്കുറിച്ചു ചിന്തിക്കാൻ നമുക്കു പ്രേരണ നല്കും. ⊙

> കാറ്റകോമ്പുകളെക്കുറിച്ചു ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ വരികൾ ർത്ഥവത്താണെന്നു തോന്നി. "ആദിമ ക്രൈസ്തവികതയുടെ തിരുശേഷിപ്പുകൾ. അവരുടെ രക്തസാക്ഷിത്വത്തോളം നയിച്ച വിശ്വാസത്തെ സ്പർശിച്ചറിയാൻ ഈ സന്ദർശനം ഇടയാക്കും".



*വിശുദ്ധ കാലിസ്റ്റസിന്റെ പേരിലുള്ള കാറ്റകോമ്പ്*

>> 7

## ലജ്ജിക്കാൻ മറന്നവർക്കു നമസ്കരിക്കാനൊരു പാഠം

പാർലമെണ്ടു തെരഞ്ഞെടുപ്പിൽ ബൂത്തുതല നമ്പരുകൾ വിലപ്പോവാതെ വന്നത് സഹകരണബാങ്കു തെരഞ്ഞെടുപ്പിൽ പ്രയോഗിച്ചു; ഫലവും കണ്ടു. സുനിശ്ചിതമായ വിജയവും ഭരണവും ഉറപ്പിച്ചുകൊണ്ടായിരുന്നു സിപിഎം നേതൃത്വത്തിലുള്ള സഹകരണമുന്നണി രംഗത്തുവന്നത്. സിപിഎം വിമതസ്ഥാനാർത്ഥികളുടെ ശക്തി തിരിച്ചറിഞ്ഞ ഔദ്യോഗികപക്ഷം ഓഹരിയുടമകളുടെ തിരിച്ചറിയൽ കാർഡിന്റെ ഡ്യൂപ്ലിക്കേറ്റിൽ അപരന്മാരെ സൃഷ്ടിച്ചു നേട്ടമുണ്ടാക്കുകയായിരുന്നു.

നേരാംവണ്ണം തെരഞ്ഞെടുപ്പിനെ നേരിട്ടിരുന്നുവെങ്കിൽ പാർലമെണ്ടു തെരഞ്ഞെടുപ്പിലേതിനേക്കാൾ നാണം കെടുമെന്നറിഞ്ഞ് എല്ലാ വൃത്തികേടുകളും സഹകരണമുന്നണി കാണിച്ചെന്ന്, യുഡിഎഫ് നേതൃത്വത്തിലുള്ള ഐക്യസഹകരണമുന്നണിയും ആരോപിക്കുന്നു. സിപിഎം വിമതസ്ഥാനാർത്ഥികളിൽ നിന്നുള്ള മോചനം മുഖ്യ അജണ്ടയാക്കിയ ഔദ്യോഗികപക്ഷം ലജ്ജയില്ലാതെ കാരാപ്പുഴയിലും തിരുവാർപ്പിലും ജാസി ഗിഫ്റ്റിന്റെ ഗാനം ആലപിച്ചു സീറ്റുനേടി.

സഹകരണപ്രസ്ഥാനത്തെ സിപിഎം ലോക്കൽ കമ്മിറ്റിയാക്കുന്ന നയരേഖ തുടങ്ങിവച്ചതും നടപ്പാക്കിയതും മറ്റാരുമല്ല. സഹകരണബാങ്കുകളുടെ ഓഡിറ്റിംഗ് റിപ്പോർട്ടുകൾ പുറത്തുവിടുന്നത് ബാങ്കുഭരണക്കാരുടെ വിനോദസഞ്ചാരത്തിന്റെയും ആഡംബരധൂർത്തിന്റെയും സിറ്റിങ്ങിന്റെയും യാത്രാപ്പടികളുടെയും കണക്കുകളാണ്.

സാധാരണക്കാരൻ കൃഷിയിറക്കാനും വിത്തുവാങ്ങാനും വീടുവയ്ക്കാനും സ്ഥലം വാങ്ങാനും പെൺകുട്ടികളെ കെട്ടിച്ചയയ്ക്കാനും വായ്പതേടി സഹകരണ ബാങ്കിനെ സമീപിച്ചാൽ ഖേദപൂർവം കൈമലർത്തുന്ന രാഷ്ട്രീയസോപാനങ്ങളിലെ സഹകാരിമാർക്ക് ഓഹരിയുടമയുടേതെന്നല്ല, ആരുടെയും വികാരവിചാരങ്ങളും വേദനയും അറിയില്ല.

രാഷ്ട്രീയം കൊണ്ടുമാത്രം കസേരപ്പുറത്തു കയറിയ മൂഢാത്മാക്കളുടെ ദൗത്യം ആശാസ്യകരമല്ലെന്ന് ബഹുമാനപ്പെട്ട കോടതിയും കണ്ടെത്തിയിരിക്കുന്നു. രാഷ്ട്രീയം കളിച്ചുനശിപ്പിക്കാൻ പലതുമുള്ളപ്പോൾ എന്തിന് സഹകരണബാങ്കുകൾ? ഒരിക്കലും ലജ്ജിക്കാൻ മെനക്കെടാത്തവർക്ക് കോടതിവിധി നല്ലൊരു പാഠമാണ്. ◈